തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള കുടിവെള്ള പദ്ധതികൾ

86 (978) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കൂടുതൽ കുടിവെള്ള പദ്ധതികൾ ആരംഭിക്കാനുള്ള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഈ പ്രവർത്തനത്തിന്റെ ഭാഗമായി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുള്ള കരാറുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പ്രവർത്തനത്തിന് ഏതെങ്കിലും വിദേശ ഏജൻസിയുടെ സാമ്പത്തിക സഹായത്തിനുള്ള വാഗ്ദാനം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ, വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുവാൻ ഉദ്ദേശിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപങ്കാളിത്തത്തോടെ ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ (134 എണ്ണം) കേരള വാട്ടർ അതോറിറ്റി ഉപഭോക്തൃ സമിതി വഴി നടപ്പിലാക്കുവാൻ വേണ്ട നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) മേൽപ്പറഞ്ഞ ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സാമ്പത്തികസഹായമുള്ള ത്വരിത ഗ്രാമീണ പരിപാടിയിൽ (90% ഗ്രാന്റും 10% ഉപഭോക്തൃ വിഹിതവും) ഉൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതികൾക്ക് 29-4-2002-ൽ കൂടിയ 7-ാമത് സ്റ്റേറ്റ് ലെവൽ സാക്ഷനിംഗ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചു കഴിഞ്ഞു. അല്ലാതെ മറ്റു കരാറുകൾ ഒന്നും തന്നെ പ്രസ്തുത പദ്ധതിയിൽ ഇല്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

കരമനയാറിൽ സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസുകൾ

87 (979) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ മുഖ്യകുടിവെള്ളസ്രോതസ്സായ കരമനയാറിൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് മേഖലകളിലായി ആകെ എത്ര കുടിവെള്ള പദ്ധതികളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത് ;

(ബി) ഇവ എവിടെയൊക്കെയാണ് സ്ഥാപിച്ചിട്ടുള്ളതെന്നും ഓരോ പദ്ധതിയും എത്ര ജലം വീതം ശുദ്ധീകരിക്കാൻ ശേഷിയുള്ളവയാണെന്നും ഒരുദിവസം ഇവയിലൂടെ ലഭ്യമാക്കുന്ന കുടിവെള്ളത്തിന്റെ അളവ് എത്രയാണെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[24-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 86 (980)-ന്റെ ഉത്തരം ദയവായി കാണുക]

കുടിവെള്ള മേഖലയിലേയ്ക്കുള്ള പദ്ധതിചെലവുകൾ

വർഷം	ചെലവ് (രൂപ ലക്ഷത്തിൽ)
1998-1999	8,823.28
1999-2000	10,391.8
2000-2001	7,974.61
2001-2002	7,035.49
2002-2003	8,045.37

പദ്ധതിയേതര ചെലവുകൾ

വർഷം	ചെലവ് (രൂപ കോടിയിൽ)
1998-1999	145.29
1999-2000	205.43
2000-2001	212.46
2001-2002	171.10
2002-2003	184.63

2001-2002-ൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ 58.00 കോടി രൂപയുടെ പവ്വർ ചാർജ് അടയ്ക്കാൻ സാധിച്ചില്ല. അതിനാൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല. 2002-03 ഫണ്ട് ലഭ്യമല്ലാത്തതിനാൽ 80.00 കോടിരൂപയുടെ പവ്വർ ചാർജ് അടയ്ക്കാൻ സാധിച്ചില്ല. അതിനാൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII (a)

[24-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 86(980)-ന്റെ ഉത്തരം ദയവായി കാണുക]

കുടിവെള്ള മേഖല

വർഷം	ബഡ്ജറ്റ് എസ്റ്റിമേറ്റ്	ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ)
1998-1999	11,876.00	8,823.28
1999-2000	11,005.00	10,391.8
2000-2001	13,200.00	7,974.61
2001-2002	8,124.75	7,035.49
2002-2003	8,977.97	8,045.37

ശുചിത്വം

വർഷം	ബഡ്ജറ്റ് എസ്റ്റിമേറ്റ്	ചെലവാക്കിയ തുക (രൂപ ലക്ഷത്തിൽ)
1998-1999	14.00	9.80
1999-2000	20.00	14.26
2000-2001	20.00	11.19
2001-2002	15.75	10.69
2002-2003	11.50	7.67

LIBRARY ARCHIVES Kerala Legislative Assembly